**File No.DME/1851/2019-E5**

## തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

**വിഷയം :** മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – ക്ലറിക്കൽ അറ്റൻഡർ, ലൈബ്രറി അറ്റൻഡർ, ലൈബ്രറി അസിസ്റ്റന്റ് തസ്തികകളിലേക്കുള്ള പൊതു സ്ഥലം മാറ്റം 2019 – കരട് പട്ടിക റദ്ദ് ചെയ്ത് – ഉത്തരവാകുന്നു.

**പരാമർശം:** 1. സ.ഉ (പി)നം.3 /2017/ഉ.ഭ.പ.വ തീയ്യതി;25/02/2017

2. ഈയാഫീസിലെ 24.05.19 –ലെ ജി.റ്റി.–24324/2018/മെ.വി.ക നമ്പർ പരിപത്രവും അനുബന്ധമായി പ്രസിദ്ധപ്പെടുത്തിയ കരട് സ്ഥലം മാറ്റ പട്ടികയും

**ഉത്തരവ് നമ്പർ: ഇ 5/ 1851 /2019/ മെ.വി.വ തീയതി: 14/06/2019**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ 2019 പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ക്ലറിക്കൽ അറ്റൻഡർ, ലൈബ്രറി അറ്റൻഡർ, ലൈബ്രറി അസിസ്റ്റന്റ് തസ്തികകളിലെ ജീവനക്കാരുടെ കരട് സ്ഥലം മാറ്റ പട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. കരട് സ്ഥലം മാറ്റ ലിസ്റ്റിൽ ഉൾപ്പെട്ട തൃശ്ശൂർ ഗവ. നഴ്സിംഗ് കോളേജിലെ ലൈബ്രറി അറ്റൻഡർ, ശ്രീമതി. ലത എം, നിലവിൽ ജോലി ചെയ്തു വരുന്ന തൃശ്ശൂർ ജില്ലയിൽ മൂന്ന് വർഷക്കാല സേവനം പൂർത്തിയാക്കിയിട്ടില്ലായെന്ന് തുടർ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. പൊതു സ്ഥലം മാറ്റം സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ലത എം, നിലവിൽ പൊതു സ്ഥലം മാറ്റത്തിന് അർഹയല്ല.

മേൽ സാഹചര്യത്തിൽ പരാമർശം (2) പ്രകാരം പ്രസിദ്ധപ്പെടുത്തിയ ക്ലറിക്കൽ അറ്റൻഡർ, ലൈബ്രറി അറ്റൻഡർ, ലൈബ്രറി അസിസ്റ്റന്റ് തസ്തികകളിലെ പൊതു സ്ഥലംമാറ്റ കരട് പട്ടിക റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Signature valid
DR.REMLA BEEVI
DIRECTOR
Digitally signed by DR REMLA BEEVI A
Date: 2019.06.14 15:04:35 IST
Reason: Approved

ശ്രീമതി. ലത എം, ലൈബ്രറി അറ്റൻഡർ, നഴ്സിംഗ് കോളേജ്, തൃശ്ശൂർ (പ്രിൻസിപ്പാൾ മുഖാന്തിരം)

ശ്രീമതി. രേണുക കെ.കെ, ക്ലറിക്കൽ അറ്റൻഡർ, മെഡിക്കൽ കോളേജ്, കോഴിക്കോട്, (പ്രിൻസിപ്പാൾ മുഖാന്തിരം)

പകർപ്പ്:
1. പ്രിൻസിപ്പാൾ, ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട്
2. പ്രിൻസിപ്പാൾ, ഗവ. നഴ്സിംഗ് കോളേജ്, തൃശ്ശൂർ
3. ഡയറക്ടറുടെ സി.എ/ സെക്ഷൻ സൂപ്രണ്ട് (ജി.റ്റി)/ഫയൽ /കരുതൽ